SUNDAY 10.03.2024 ഞായറാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ




## FARM INFORMATION BUREAU

Agriculture Development and Farmer's Welfare Department
GOVERNMENT OF KERALA

Chief Editor : ASA S KUMAR    Editor : Dr BINU HARRIET IVAN



Farm Information Bureau, Kowdiar, Thiruvananthapuram – 695003
Website : fibkerala.gov.in; E-mail : piofibvm@gmail.com, fibnewstvm@gmail.com
Telephone : 0471 – 2318186, 2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

## FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 10/03/2024

1. കേരളത്തിലെ നാളികേര കർഷകർക്കും, സംരംഭകർക്കും തെങ്ങു കയറ്റത്തിനും മറ്റ് കേര സംരക്ഷണ പ്രവർത്തനങ്ങൾക്കുമായി പരിശീലനം ലഭിച്ച തെങ്ങ് കയറ്റക്കാരെ ലഭ്യമാകുന്നതിനായി ഹലോ നാരിയൽ കോൾ സെന്ററിന്റെ 9447175999 എന്ന നമ്പറിലേയ്ക്ക് വിളിക്കുകയോ, വാട്സ്ആപ്പ് സന്ദേശം അയക്കുകയോ ചെയ്യാവുന്നതാണ്. രാവിലെ 9.30 മുതൽ വൈകിട്ട് 5.30 വരെയാണ് പ്രവർത്തന സമയം. ഇതിനുപുറമെ കർമ്മനിരതരായി സേവനം ചെയ്യാൻ തയ്യാറായിട്ടുള്ള തെങ്ങ് കയറ്റക്കാർക്കും, തെങ്ങിന്റെ ചങ്ങാതിമാർക്കും കോൾ സെന്ററിൽ രജിസ്റ്റർ ചെയ്യാവുന്നതാണ്.

2. കാസർകോഡ് ബദിയഡുക്ക ജില്ലാ കന്നുകാലി വളർത്തൽ കേന്ദ്രത്തിൽ നല്ലയിനം കാസറകോഡ് കുള്ളൻ പശുക്കൾ ലഭ്യമാണ്. പശുക്കളെ ആവശ്യമുള്ള ഫാമുകൾക്കും കർഷകർക്കും കാസർകോഡ് ബദിയഡുക്ക ജില്ലാ കന്നുകാലി വളർത്തൽ കേന്ദ്രവുമായി 9446023845, 8086982969, 9447070957 എന്നീ ഫോൺ നമ്പറുകളിൽ ബന്ധപ്പെടുക.

3. തിരുവനന്തപുരം, കുടപ്പനക്കുന്ന് സർക്കാർ പ്രാദേശിക കോഴി വളർത്തൽ കേന്ദ്രത്തിൽ നിന്നും എല്ലാ ചൊവ്വാഴ്ചകളിലും, വെള്ളിയാഴ്ചകളിലും ഒരു ദിവസം പ്രായമുള്ള കോഴിക്കുഞ്ഞുങ്ങളെ ലഭ്യമാണ്. ഗ്രാമശ്രീ ഇനത്തിൽപ്പെട്ട പിട കോഴിക്കുഞ്ഞുങ്ങളെ 25/-രൂപ നിരക്കിലും, പൂവൻ കോഴിക്കുഞ്ഞുങ്ങളെ 5/-രൂപ നിരക്കിലും ആണ് ലഭിക്കുക. താൽപര്യമുള്ളവർ പ്രവൃത്തി ദിവസങ്ങളിൽ രാവിലെ 10 മുതൽ വൈകിട്ട് 4 മണി വരെ 0471 2730804 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടേണ്ടതാണ്.

4. കാർഷിക സർവകലാശാലയുടെ കീഴിലുള്ള കണ്ണാറ വാഴ ഗവേഷണ കേന്ദ്രത്തിൽ സ്യൂഡോമോണാസ് ഫ്ലൂറസൻസ് (പൊടി ലായനി), ട്രൈക്കോഡർമ, ബ്യൂവേറിയ, ലക്കാനിസിയം, പെസിലോമൈസസ്, ബയോകൺട്രോൾ കോംബി പാക്ക് (പച്ചക്കറി),

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

മൈക്കോറൈസ, അസോസ്പൈറില്ലം, ഫോസ്ഫറസ് വളം, ബയോഫെർട്ടിലൈസർ കോംബി പാക്ക്, നീം സോപ്പ്, അസോള, വെർമി കമ്പോസ്റ്റ് എന്നീ ജൈവ കീടരോഗ നിയന്ത്രണ ഉപാധികൾ വിൽപനയ്ക്ക് തയ്യാറാണ്. ആവശ്യമുള്ളവർ മുൻകൂട്ടി ബുക്ക് ചെയ്യുക. കൂടുതൽ വിവരങ്ങൾക്ക് 9747238532, 0487 2699087എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

5. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള ഇ-പഠന കേന്ദ്രം (CeL), കാർഷിക രംഗത്ത് കൃഷിയുടെ മഹത്വത്തെ അടിയാളപ്പെടുത്തുന്ന ഒരു ഹ്രസ്വ ചിത്രത്തിനുള്ള തിരക്കഥ രചന മത്സരം സംഘടിപ്പിക്കുന്നു. ദൃശ്യ-മാധ്യമ ലോകത്ത് കഴിവ് പ്രകടിപ്പിക്കുവാനുള്ള ആവേശകരമായ ഒരു അവസരമാണ്. നമ്മുടെ ദൈനം ദിന ജീവിതത്തിൽ കൃഷിയുടെ പ്രാധാന്യവും മഹത്വവും വിളിച്ചോതുന്ന തരത്തിലുള്ള ഒരു തിരക്കഥയാണ് ലക്ഷ്യമിടുന്നത്. പ്രായഭേദമെന്യേ എല്ലാവർക്കും പങ്കെടുക്കാവുന്നതാണ്. തിരക്കഥകൾ സമർപ്പിക്കേണ്ട അവസാന തിയ്യതി 18.03.2024. കൂടുതൽ വിവരങ്ങൾക്ക് 8547837256, 0487 2438567 എന്നീ ഫോൺ നമ്പരുകളിലോ kau.in എന്ന വെബ്സൈറ്റോ സന്ദർശിക്കുക.

**പരിശീലന പരിപാടി**

6. കേരള കാർഷിക സർവകലാശാലയുടെ കീഴിലുള്ള തിരുവനന്തപുരം വെള്ളായണി കാർഷിക കോളേജിലെ ഇൻസ്ട്രക്ഷണൽ ഫാമിൽ നിന്നും 2024 മാർച്ച് 16 നു രാവിലെ 9.30 മുതൽ വൈകിട്ട് 5 വരെ കേരളത്തിലെ പ്രധാന സുഗന്ധ വ്യഞ്ജന വിളകളായ കുരുമുളക്, ഇഞ്ചി, മഞ്ഞൾ, ജാതി എന്നിവയുടെ കൃഷി രീതികളും കീട- രോഗ നിയന്ത്രണവും എന്നീ വിഷയങ്ങളിൽ ഏകദിന പരിശീലനം സംഘടിപ്പിക്കുന്നു. കോഴിക്കോട് ഭാരതീയ സുഗന്ധവിള ഗവേഷണ കേന്ദ്രത്തിലെ ശാസ്ത്രജ്ഞരാണ് ക്ലാസ്സുകൾ നയിക്കുന്നത്. ആദ്യം

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

തിരഞ്ഞെടുക്കുന്ന 75 പേർക്കാണ് അവസരം ലഭിക്കുന്നത്. കൂടുതൽ വിവരങ്ങൾക്ക് 9496672236 എന്നീ ഫോൺ നമ്പറിൽ ബന്ധപ്പെടുക. വിളിക്കേണ്ട സമയം പ്രവൃത്തി ദിവസങ്ങളിൽ രാവിലെ 9 മുതൽ വൈകിട്ട് 4 വരെ.

**7.** റബ്ബർപാലിൽനിന്നുള്ള ഉത്പന്നനിർമ്മാണത്തിൽ റബ്ബർബോർഡ് പരിശീലനം നൽകുന്നു. റബ്ബർപാൽസംഭരണം; സാന്ദ്രീകരണം; ലാറ്റക്സ് കോമ്പൗണ്ടിങ്; ഉത്പന്നങ്ങളുടെ രൂപകൽപന; ഗുണമേന്മാനിയന്ത്രണം; റബ്ബർബാൻഡ്, കൈയ്യുറ, റബ്ബർനൂൽ, ബലൂൺ, റബ്ബർപശ തുടങ്ങിയ ഉത്പന്നങ്ങളുടെ നിർമ്മാണം എന്നിവയിലുള്ള പരിശീലനം 2024 മാർച്ച് 11 മുതൽ 15 വരെ കോട്ടയത്തുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ്ങിൽ വച്ച് നടക്കും. കൂടുതൽ വിവരങ്ങൾക്ക് 04812353127 എന്ന ഫോൺ നമ്പരിലോ 04812353201 എന്ന വാട്ട്സ്ആപ്പ് നമ്പരിലോ ബന്ധപ്പെടേണ്ടതാണ്. ഇ മെയിൽ : **training@rubberboard.org.in**

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം